"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പാലക്കാട് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പി.വിജയലക്ഷ്മി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(EKM)264/2021 മേലുള്ള 18.02.2021 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2600/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/12/2021

---

പരാമർശം:-

1. പാലക്കാട് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പി.വിജയലക്ഷ്മി സമർപ്പിച്ച 12.02.2021 തീയതിയിലെ നിവേദനം (അനക്ഷർ എ6)
2. ശ്രീമതി. പി.വിജയലക്ഷ്മി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇകെഎം)264/2021 നമ്പർ കേസിലെ 18.02.2021 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 11.11.2021 തീയതിയിലെ ഇ6-3084/21 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ പാലക്കാട് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ ജോലി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പി.വിജയലക്ഷ്മി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം നഗരകാര്യ ഡയറക്ടറുടെ 28.10.2020 തീയതിയിലെ ഇ6-417/2020 നമ്പർ ഉത്തരവ് പ്രകാരം തനിക്ക് വടക്കാഞ്ചേരി നഗരസഭയിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതിയും, തന്റെ ഔട്ട്സ്റ്റേഷൻ സീനിയോരിറ്റിയും കുടുംബപരമായ ബുദ്ധിമുട്ടും പരിഗണിച്ച് പാലക്കാട് നഗരസഭയിൽ തന്നെ സൂപ്രണ്ട് തസ്തികയിൽ തുടരുന്നതിന് ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാരി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(EKM)264/2021 മേലുള്ള 18.02.2021 തീയതിയിലെ ഉത്തരവ് പ്രകാരം, ടിയാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ6 നിവേദനം പൊതുസ്ഥലംമാറ്റ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് 6 ആഴ്ചയ്ക്കുള്ളിൽ ആയതിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ഇക്കാര്യത്തിൽ, പാലക്കാട് നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.വിജയലക്ഷ്മി.പി-യെ വടക്കാഞ്ചേരി നഗരസഭയിലേക്കും പാലക്കാട് നഗരസഭയിലേക്കുള്ള ക്യൂ ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ട ചാവക്കാട് നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി.ആലീസ് കോശിയെ പാലക്കാട് നഗരസഭയിലേക്കും മാറ്റി നിയമിച്ച്

ഉത്തരവായിരുന്നതായും എന്നാൽ ടി ഉത്തരവിനെതിരെ ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No. 264/21 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസിലെ 05/02/2021 ലെ ഉത്തരവ് പ്രകാരം നിലവിലുള്ള സ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാരി പാലക്കാട് നഗരസഭയിൽ തുടർന്നുവരുന്നതാണ് എന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ആലീസ് കോശിയെ ചാവക്കാട് നഗരസഭയിലേയ്ക്ക് തിരികെ മാറ്റി നിയമിച്ചിട്ടുള്ളതും ടിയാരി 31/05/2021 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ് എന്നും ശ്രീമതി.വിജയലക്ഷ്മി.പി. പാലക്കാട് നഗരസഭയിലേയ്ക്കുള്ള കൂലിസ്റ്റിൽ രണ്ടാമതായി ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാരി പാലക്കാട് നഗരസഭയിൽ തുടരുന്നതിന് തടസ്സമില്ല എന്നും പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ശ്രീമതി. പി.വിജയലക്ഷ്മി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിച്ചിട്ടുള്ളതിനാൽ ടിയാരിയുടെ അനക്ഷ്വർ എ6 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

4. മേൽപ്രകാരം ശ്രീമതി. പി.വിജയലക്ഷ്മി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)264/2021 നമ്പർ കേസിലെ 18.02.2021 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)
ശ്രീമതി. പി.വിജയലക്ഷ്മി,സൂപ്രണ്ട്, പാലക്കാട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ